"ഭരണഭാഷ - മാതൃഭാഷ"

<u>വളരെ അടിയന്തിരം</u>

# വ്യാവസായിക പരിശീലന വകുപ്പ്
## (കേരള സംസ്ഥാനം)

നമ്പർ: ജി1/17861/15

ചാക്ക, തിരുവനന്തപുരം
തീയതി: 20.01.2016

## <u>ചുറ്ററിയിപ്പ്</u>

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്- അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജനുവരി 2016 (സെമസ്റ്റർ സ്കീം) - എം.ഐ.എസ്. പോർട്ടൽ മുഖേന ലഭ്യമായ ഫോട്ടോ വ്യക്തമല്ലാത്തത്/ഫോട്ടോ ഇല്ലാത്ത ഹാൾടിക്കറ്റുകളിലെ മേൽ നടപടി -വിവരങ്ങൾ അറിയിക്കുന്നത് സംബന്ധിച്ച്.

----------

അഖിലേന്ത്യാ ട്രേഡ് ടെസ്റ്റ് ജനുവരി 2016 പരീക്ഷ എഴുതുന്നതിന് എം.ഐ.എസ് പോർട്ടൽ മുഖേന ലഭ്യമായ ചില ഹാൾടിക്കറ്റുകളിൽ ഫോട്ടോ വ്യക്തമല്ലാത്തതോ ഫോട്ടോ ഇല്ലാത്തതോ ആയി കാണുന്നു. പരീക്ഷകളുടെ സുതാര്യമായ നടത്തിപ്പിലേക്കായി ഇത്തരത്തിൽ ഫോട്ടോ വ്യക്തമല്ലാത്തതോ ഫോട്ടോ ഇല്ലാത്തതോ ആയ ഹാൾടിക്കറ്റ് ലഭ്യമായിട്ടുണ്ടെങ്കിൽ അതത് സ്ഥാപന മേധാവികൾ ഇത്തരം ഹാൾടിക്കറ്റുകളിൽ മറ്റൊരു ഭാഗത്ത് പ്രസ്തുത ട്രെയിനിയുടെഫോട്ടോ ഒട്ടിച്ച് ട്രെയിനിയുടെ ആധികാരികതയുള്ള ഏതെങ്കിലും തിരിച്ചറിയൽ കാർഡുമായി നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്ക് മുമ്പാകെ ഹാജരാകേണ്ടതാണ്. നോഡൽ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ലഭ്യമാകുന്ന തിരിച്ചറിയൽ കാർഡിലെ കുട്ടിയുടെ ഫോട്ടോയും പേര് വിവരങ്ങളും ഹാൾടിക്കറ്റിലെ വിവരങ്ങളുമായി ഒത്ത് നോക്കി ശരിയാണെന്ന് ബോധ്യപ്പെട്ട് ഹാൾടിക്കറ്റിലെ ഫോട്ടോയിൽ മേലൊപ്പ് ചാർത്തി നൽകേണ്ടതാണ്. ആയതിൽ വീഴ്ച വരുത്താൻ പാടുള്ളതല്ല.

ക്ലാസിൽ ഇൻവിജിലേഷൻ ഡ്യൂട്ടി നിർവഹിക്കുന്ന ഉദ്യോഗസ്ഥർ ഫോട്ടോയിൽ അപാകതയുള്ള ഹാൾടിക്കറ്റുകളിൽ മുകളിൽ പറഞ്ഞിട്ടുള്ള നടപടിക്രമങ്ങൾ പ്രകാരം ടി അപാകത പരിഹരിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

ട്രെയിനിംഗ് ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ/എസ്.സി.ഡി.ഡി/എസ്.റ്റി.ഡി.ഡി /
സ്വകാര്യ ഐ.ടി.ഐ. പ്രിൻസിപ്പാൾമാർക്കും

പകർപ്പ്:- വകുപ്പ് വെബ്സൈറ്റിലേക്ക്

എസ്സ്/20.01